# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4863 — 01.07.2013-ൽ മറുപടിയ്ക്ക്

<u>എന്റെ മരം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>" ഹൈബി ഈഡൻ<br>" ലൂഡി ലൂയിസ്<br>" എം.പി. വിൻസെന്റ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) എന്റെ മരം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ | എ) സംസ്ഥാനത്തെ വനേതര പ്രദേശത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും, സ്കൂൾ കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണ അവബോധം നൽകുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനും വനവൽക്കരണം വഴി ആഗോളതാപനം നിയന്ത്രിക്കുന്നതിനുംവേണ്ടി 1 മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈ വിതരണം നടത്തി നട്ടുപിടിപ്പിച്ച് പരിപാലിക്കുകയുമാണ് എന്റെ മരം പദ്ധതിയുടെ ലക്ഷ്യം. |
| ബി) കൃത്രിമവനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിന് താൽപര്യമുണ്ടാക്കുന്നതിനുമായി എന്തെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു ; വിശദാംശം ലഭ്യമാക്കുമോ ; | ബി) കൃത്രിമ വനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിന് താൽപര്യമുണ്ടാക്കുന്നതിനുമായി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുകയും അവയെ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, വനസംരക്ഷണ - പരിപാലന മാർഗ്ഗങ്ങൾ/ ലക്ഷ്യങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നു. ചിത്രരചന/ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മികച്ചവ കണ്ടെത്തി സാക്ഷ്യപത്രങ്ങളും സമ്മാനങ്ങളും നൽകുന്നു |

| | | | |
|---|---|---|---|
| സി) | എവിടെയൊക്കെ പദ്ധതി നടപ്പാക്കി വരുന്നു ; വിശദമാക്കുമോ ; | സി) | സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പാക്കി വരുന്നു. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശം അറിയിക്കുമോ ? | ഡി) | വനം വകുപ്പിനോടൊപ്പം വിദ്യാഭ്യാസ വകുപ്പ്, എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ ഏജൻസികളാണ് എന്റെ മരം പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ